(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) സ്കൂളുകളിൽനിന്നും ആവശ്യപ്പെട്ടാൽ അതാത് ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അനുവാദം നൽകും

എൽ. പി. സ്കൂളുകളോടനുബന്ധിച്ച് അംഗൻവാടി

124 [707] *ശ്രീ. എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സർക്കാർ അധീനതയിലുള്ള എത്ര എൽ.പി. സ്കൂളുകളിൽ അതിനോടനുബന്ധിച്ച് അംഗൻവാടി പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇങ്ങനെ പ്രവർത്തിക്കുന്ന ഏതെങ്കിലും അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം വിട്ടുകൊടുത്തിട്ടുണ്ടോ;

(സി) സാമൂഹ്യക്ഷേമവകുപ്പ് അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്ന പദ്ധതിയിൽപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ ഏതെങ്കിലും സർക്കാർ സ്കൂളിന്റെ സ്ഥലം വിട്ടുകൊടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 6 സ്കൂളുകളിൽ.

(ബി) സ്ഥലം വിട്ടുകൊടുത്തിട്ടില്ല.

(സി) സ്ഥലം വിട്ടുകൊടുത്തിട്ടില്ല.

സ്കൂൾ വിദ്യാർത്ഥികളും പകർച്ചവ്യാധികളും

125 [708] *ശ്രീ. പി. കെ. കെ. ബാവ:*
,, *ഇസ്ഹാക് കുരിക്കൾ:*
,, *യു. സി. രാമൻ:*
,, *ടി. പി. എം. സാഹിർ:*
,, *സി. മോയിൻകുട്ടി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷത്തോടനുബന്ധിച്ചുള്ള പകർച്ചവ്യാധികൾ ഏറ്റവും പെട്ടെന്ന് പിടിപെടുന്നത് കുട്ടികൾക്കാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കും അവർ മുഖേന വീടുകളിലേക്കും പകർച്ചവ്യാധികൾ പകരുന്നത് തടയുന്നതിനായി മേയ്, ജൂൺ മാസങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)–(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഏപ്രിൽ - മേയ് മാസങ്ങളിൽ മദ്ധ്യവേനലവധി നൽകിയിട്ടുണ്ട്. ജൂൺ മാസംകൂടി അവധി നൽകേണ്ടുന്ന സ്ഥിതിയിൽ പകർച്ചവ്യാധികൾ നിയന്ത്രണാധീനമായി ഈ കാലയളവിൽ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഉച്ചക്കഞ്ഞി കൊടുക്കാത്ത സ്കൂളുകൾ

126 [709] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
,, *സി. പി. മുഹമ്മദ്:*
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, *ടി. എൻ. പ്രതാപൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം തിരുവനന്തപുരം റവന്യൂ ജില്ലയിൽ എത്ര സ്കൂളുകളിൽ ഉച്ചക്കഞ്ഞി കൊടുക്കാതെയുണ്ട്; ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഉച്ചക്കഞ്ഞി കൊടുക്കാത്ത സ്കൂളുകളിൽ ഗവൺമെന്റ് സ്കൂളുകളെത്ര; എയ്ഡഡ് സ്കൂളുകളെത്ര;

(സി) എ.ഇ.ഒ. ഓഫീസുകളിൽ നിന്നും ഉച്ചക്കഞ്ഞിക്കുള്ള ഇന്റന്റ് കൊടുക്കാത്ത എത്ര സംഭവങ്ങളുണ്ടായിട്ടുണ്ട്;

(ഡി) ഇതിന്റെ കാരണമെന്ത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം റവന്യൂ ജില്ലയിൽപ്പെട്ട ബാലരാമപുരം, കിളിമാനൂർ എന്നീ രണ്ട് എ.ഇ.ഒ. മാരുടെ കീഴിലുള്ള ഏഴ് സ്കൂളുകളിൽ ഉച്ചക്കഞ്ഞി കൊടുക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. ബാലരാമപുരം, കിളിമാനൂർ, കല്ലമ്പലം എന്നീ മാവേലി സ്റ്റോറുകളിൽ അരിയും പയറും വേണ്ടത്ര സ്റ്റോക്കില്ലാഞ്ഞതായിരുന്നു കാരണം. എന്നാൽ ഇതിനോടകം ഇവിടങ്ങളിൽ ഉച്ചക്കഞ്ഞി കൊടുത്ത് തുടങ്ങിയിട്ടുണ്ട്.

(ബി) ഗവൺമെന്റ് സ്കൂളുകൾ - 4
എയിഡഡ് സ്കൂളുകൾ - 3

LIBRARY ARCHIVES Kerala Legislative Assembly